ഉത്തരം

(എ) ഉണ്ടായി.

(ബി) ഭരണസമിതിയിൽ തുടരാൻ അനുവദിച്ചാൽ നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും സംഘത്തിന്റെ പഴയ പ്രതാപത്തിലേക്കു കൊണ്ടുവരാൻ കഴിയുമെന്നും കോടതിയിൽ ഉറപ്പു നൽകിയിരുന്നു.

(സി) കഴിഞ്ഞിട്ടില്ല.

(ഡി) റോയൽറ്റി കുടിശ്ശിക, പ്രോവിഡന്റ് ഫണ്ട് വിഹിതം, ഗ്രാറ്റുവിറ്റി, ബാങ്കു വായ്പ പലിശ നൽകാനുള്ളത്, സർക്കാരിന് വായ്പ ഓഹരി ഇനങ്ങളിൽ നൽകാനുള്ളത് തുടങ്ങിയവയാണ് എസ്.പി.സി.എസ്.-ന്റെ ഇപ്പോഴത്തെ ബാദ്ധ്യതകൾ.

(ഇ)	റോയൽറ്റിയും പുസ്തകവിലയും	192 ലക്ഷം
	പ്രോവിഡന്റ് ഫണ്ട് വിഹിതം	25 ലക്ഷം
	ഗ്രാറ്റുവിറ്റി	20 ലക്ഷം
	എറണാകുളം ജില്ലാ ബാങ്ക് വായ്പ	203 ലക്ഷം
	കോട്ടയം ജില്ലാ സഹകരണ ബാങ്ക് വായ്പയും പലിശയും	160 ലക്ഷം
	സർക്കാർ വായ്പയും ഓഹരിയും	20 ലക്ഷം
	ശമ്പളം	10 ലക്ഷം

റബ്ബർ കോർപ്പറേഷൻ ലിമിറ്റഡിന്റെ ബാലൻസ് ഷീറ്റ് പ്രസിദ്ധീകരിക്കാൻ നടപടി

150 [3676] *ശ്രീ. എം. എം. ഹസ്സൻ:*

,, എം. മുരളി:

ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് റബ്ബർ കോർപ്പറേഷൻ ലിമിറ്റഡ് നമ്പർ 4412 ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേവരെയുണ്ടായ ലാഭം/നഷ്ടം എന്നിവ പ്രത്യേകം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ ഏത് വർഷം വരെയുള്ള ബാലൻസ് ഷീറ്റ് പ്രസിദ്ധീകരിച്ചു;

(ഡി) ബാലൻസ്ഷീറ്റ് പ്രകാരം ഇതിന് എത്ര രൂപയുടെ ആസ്തിയും ബാദ്ധ്യതയും ഉണ്ട്;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ എന്നുവരെയുള്ള ഡിപ്പാർട്ടുമെന്റൽ ആഡിറ്റ് നടത്തിയിട്ടുണ്ട്;

(എഫ്) ആഡിറ്റിംഗിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം എന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് റബ്ബർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റബ്കോ) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) 2001-2002 ആഡിറ്റ് വർഷത്തെ അറ്റനഷ്ടം 37,10,77,657.02 രൂപയാണ്.

(സി) 31-3-2002 വരെയുള്ള ആഡിറ്റഡ് ബാലൻസ് ഷീറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) 31-3-2002-ലെ ബാലൻസ്ഷീറ്റു പ്രകാരം 224,38,09,884.85 രൂപയുടെ ആസ്തിയും 261,48,87,541.87 രൂപയുടെ ബാദ്ധ്യതയും ഉണ്ട്.

(ഇ) 2001-2002 വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

(എഫ്) കണ്ടെത്തിയിട്ടുണ്ട്. ന്യൂനതാസംഗ്രഹം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനം തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുവാൻ നടപടി

151 [3677] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സംസ്ഥാനത്ത് ഏതൊക്കെ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്;

† അനുബന്ധം XI.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[28-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 150 (3676)-ന്റെ ഉത്തരം ദയവായി കാണുക]

റബ്കോ 2001-2002 വർഷത്തെ ആഡിറ്റ് നൂനതാ സംഗ്രഹം

1. സംഘം തൻവർഷം മൊത്തം 37,10,77,657.02 രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ടി നഷ്ടം വരുവാനുള്ള കാരണങ്ങളിലൊന്ന് 14% മുതൽ 17% വരെ നിരക്കിൽ വാങ്ങിയ ഫിക്സഡ് ഡെപ്പോസിറ്റ്, ലോൺ, അഡ്വാൻസ് എന്നിവയുടെ പലിശ നൽകിയതാണ്. നിലവിൽ ഫിക്സഡ് ഡെപ്പോസിറ്റിന് 7% മുതൽ 8% വരെ മാത്രമേ പലിശയുള്ളൂ. പലിശ നിരക്ക് കുറയ്ക്കാൻ ശ്രദ്ധിച്ചില്ലെങ്കിൽ സംഘത്തിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ട് പോകാൻ കഴിയാത്ത അവസ്ഥയിലേക്ക് എത്തിച്ചേരുന്നതാണ്. രണ്ടാമത്തെ കാരണം പരസ്യച്ചിലവാണ്. തൻവർഷം വിൽപനയുടെ ഭാഗമായുള്ള ചിലവ് ഇനത്തിൽ (പരസ്യം വക) 2,20,11,614 രൂപ 28 പൈസ ചിലവഴിച്ചിട്ടുണ്ട്. പരസ്യം സംഘത്തിന്റെ പ്രവർത്തനത്തിന് മുതൽ കൂട്ടാണെങ്കിലും പരസ്യച്ചിലവും നിയന്ത്രിക്കേണ്ടതുണ്ട്. ആയത് ഗണ്യമായ നിലയിൽ കുറയ്ക്കേണ്ടതാണ്. മൂന്നാമത്തെ കാരണം വെള്ളവും വെളിച്ചവും ഇല്ലാത്ത സ്ഥലത്ത് നിർമ്മിച്ച ഫാക്ടറികളാണ്. വെള്ളത്തിനും വൈദ്യുതിക്കും അതിഭീമമായ തുക നൽകിക്കൊണ്ടാണ് വലിയ വെളിച്ചത്തെ രണ്ട് ഫാക്ടറികൾ പ്രവർത്തിക്കുന്നത്. കൂടാതെ ഇവിടെ യാത്രാസൗകര്യവും കുറവാണ്. ഇവയ്ക്കൊക്കെ പരിഹാരം കണ്ടെത്തിയാൽ കുറെയേറെ നഷ്ടം നിയന്ത്രിക്കാവുന്നതാണ്. കൂടാതെ ഓഫീസ്, എക്സ്പെൻസ് ഗസ്റ്റ് എക്സ്പെൻസ് എന്നിവ ഗണ്യമായി കുറയ്ക്കേണ്ടതുമാണ്. എങ്കിൽ മാത്രമേ റബ്കോ എന്ന സ്ഥാപനത്തിന് അനായാസമായി മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ.

2. സംഘത്തിന്റെ ആവശ്യാർത്ഥം ഫോറിൻ ലോൺ കിട്ടുന്നതിനായി 2,35,00,000 രൂപ (രണ്ട് കോടി മുപ്പത്തിയഞ്ചുലക്ഷം രൂപ) ഇ. സി. ബി. ലോൺ ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. വർഷം മൂന്നു കഴിഞ്ഞിട്ടും ടി ലോൺ സംഘത്തിന് ലഭിച്ചിട്ടില്ല. ടി തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സംഘം രൂപ് രസായൻ, ഫരീദാബാദ് എന്നിവിടങ്ങളിൽ കൺസൈൻമെന്റ് ഇടപാടുകൾ നടത്തിയിട്ടുണ്ട്. ഇപ്പോൾ ആയത് നിലവിൽ നിറുത്തൽ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം രൂപ് രസായൻ ഇൻഡസ്ട്രീസിൽ നിന്ന് 11,14,633 രൂപ തിരിച്ചു കിട്ടാനുള്ളതായി കാണുന്നുണ്ട്. കൂടാതെ റബ്കോ ഹുവാട്ടിന് വേണ്ടി അഡ്വാൻസ് നൽകിയ വകയിൽ 9,79,04,610.49 രൂപ കിട്ടാനുള്ളതായും കാണുന്നു. ആകെ മൊത്തം 1,60,22,27,427.27 രൂപ ഹെഡ് ഓഫീസിനും, ട്രെയിഡിംഗ് ഡിവിഷനുമായി കിട്ടാനുള്ളതായി കാണുന്നു. കിട്ടാനുള്ള തുകകൾ തിരിച്ചു പിടിക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

GPM. 2/255/2012—45

LIBRARY ARCHIVES Kerala Legislative Assembly

4. പഴയങ്ങാടി ട്രേയിഡിംഗ് ഡിവിഷനിൽ 321 രൂപ സ്റ്റോക്കെടുക്കാൻ ചിലവായ തുക 1998-1999 വർഷത്തെ തുകയായി എഴുതിയിട്ടുണ്ട്. ടി തുകയ്ക്ക് വൗച്ചർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റിൽ തടഞ്ഞിരിക്കുന്നു. ടി തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

5. സംഘത്തിന്റെ സൈക്കിൾ ടയർ ട്യൂബ് ഫാക്ടറിയിലെ സ്റ്റോക്ക് രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററും സ്റ്റോക്കും കാലാകാലങ്ങളിൽ ഒത്തുനോക്കിയിട്ടുമില്ല. തൻവർഷത്തെ സ്റ്റോക്ക് പരിശോധനയിൽ (രജിസ്റ്ററും പ്രൊഡക്ഷൻ നോട്ടും ഒത്തുനോക്കിയപ്പോൾ) ടയറിൽ മൊത്തം 21945 എണ്ണം കുറവും ടയർ ട്യൂബിൽ 8111 എണ്ണത്തിന്റേയും കുറവ് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ വിശദമായ അന്വേഷണത്തിൽ ഫാക്ടറിയിൽ ട്രയൽ റൺ നടക്കുന്ന സമയം മുതൽ ഒരു വർഷക്കാലത്തേക്ക് സ്റ്റോർ കീപ്പർ തസ്തികയിൽ ജീവനക്കാരനില്ലാത്ത അവസ്ഥയാണ് ഉണ്ടായത് എന്ന് മനസ്സിലാക്കുകയും, 31-3-2004-ന്റെ സ്റ്റോക്ക് പരിശോധനയിൽ (എണ്ണി തിട്ടപ്പെടുത്തിയപ്പോൾ) 13391 എണ്ണം ടയർ അധികം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതുകയും എണ്ണി തിട്ടപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ ഇത്തരം പ്രയാസങ്ങൾ ഒഴിവാക്കാമായിരുന്നു. ഭീമമായ എണ്ണം സ്റ്റോക്കിൽ കുറവ് ആയാൽ ആയത് വാണിജ്യത്തെ ബാധിക്കുകയും വ്യാപാരനഷ്ടം വന്നുചേരുകയും ചെയ്യും. ഇത്തരം ഗുരുതരമായ വീഴ്ചകൾ ഒഴിവാക്കിയില്ലെങ്കിൽ സംഘം വാണിജ്യ നഷ്ടം ഉയർത്തിക്കാട്ടുകയും ചെയ്യുന്നതാണ്. ആയതിനാൽ ബന്ധപ്പെട്ട മേലധികാരികൾ ഇക്കാര്യത്തിൽ ശ്രദ്ധപുലർത്തേണ്ടതും സ്റ്റോക്ക് രജിസ്റ്റർ യഥാസമയം സ്റ്റോക്കുമായി പരിശോധിച്ച് എണ്ണിത്തിട്ടപ്പെടുത്തേണ്ടതുമാണ്.

6. സംഘത്തിന്റെ കീഴിൽ 36 ഏജൻസി ഡിപ്പോകളുണ്ട്. ഇവിടെയുള്ള റബ്ബർ സംഘത്തിന് ലഭിക്കുന്നത് ഫൈനൽ സെറ്റിൽമെന്റ് ബിൽ പ്രകാരമാണ്. ഈ ബിൽ പ്രകാരം സ്റ്റോക്ക് വരികയും, (റബ്ബർ) സ്റ്റോക്ക് ഗോഡൗണിലേക്ക് മാറ്റപ്പെടുകയുമാണ് ചെയ്യുന്നത്. കൊയിലാണ്ടി താലൂക്ക് അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഇഷ്യൂ നോട്ട് നമ്പർ 722 പ്രകാരം 4369.500 കിലോ റബ്ബർ 29-6-2000-ന് കയറ്റി അയയ്ക്കുകയും ആയത് അന്നുതന്നെ ഗോഡൗണിൽ (കമ്മീഷനടക്കം 135403.16 രൂപ) വന്നുചേരുകയും ആയതിന്റെ പണം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ ഇഷ്യൂ നോട്ട് വച്ച് 10-7-2001-ന് വീണ്ടും 137522.33 രൂപ വില കാണിച്ച് വാങ്ങിയവില എഴുതുകയും ആയത് കൊടുക്കാനുള്ളതായും എഴുതിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ഇത് വ്യാജമാണെന്ന് തെളിയുകയും ചെയ്തു. ഇത്തരത്തിൽ എഴുതിയാൽ ആയത് പിന്നീടുള്ള കാലയളവിൽ കൊടുക്കാനുള്ളതായി കാണുകയും തുക കൊടുക്കുകയും ചെയ്യും. ഇത് അഴിമതിക്ക് വഴിതെളിക്കുകയും ചെയ്യും. ആയതിനാൽ ബന്ധപ്പെട്ട മേലധികാരികൾ ഇത്തരം വീഴ്ചകൾ വന്നുചേരുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും വിലയിരുത്തേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

7. റബ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് സ്ഥാപനമായ റബ്കോ ടയറിൽ പോസ്റ്റ് ചെയ്തിരിക്കുന്ന ജീവനക്കാരന് (രാജീവൻ) റബ്കോ ചപ്പൽ ഫാക്ടറിയിൽ നിന്നും, റബ്കോ ടയർ ട്യൂബ് ഫാക്ടറിയിൽ നിന്നുമായി ശമ്പളം നൽകിയിരുന്നു. ടിയാൻ 18-1-2001-ന് റബ്കോ ടയേഴ്സ് പ്രൈവറ്റ് ലിമിറ്റഡിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ടിയാന് നൽകിയ ശമ്പളം 17509 രൂപയും പ്രൊവിഡന്റ് ഫണ്ട് കോൺട്രിബ്യൂഷനിൽ നൽകിയ 2076 രൂപയും ഓഡിറ്റിൽ തടഞ്ഞിരിക്കുന്നു. ഇപ്പോൾ ടയേഴ്സിൽ 4 ജീവനക്കാരുണ്ട്. അവരുടെ ശമ്പളവും മേൽ സംഘമാണ് വഹിക്കുന്നത്.

8. റബ്കോ പഴയങ്ങാടി ഡിവിഷനിലെ ഡിപ്പോകളിൽ നിന്ന് നെരുവമ്പ്രം ഗോഡൗണിലേക്ക് കയറ്റി അയച്ച റബ്ബറിൽ താഴെ കാണുന്ന തരത്തിൽ ഗോഡൗണിൽ കുറവ് സംഭവിച്ചിരിക്കുന്നു.

	തൂക്കം	*ആകെ തുക*
ഉളിക്കൽ ഡിപ്പോ	34.5 kg	1107.10
തളിപ്പറമ്പ് ഡിപ്പോ	16.1	516.65
പേരാവൂർ ഡിപ്പോ	48.1	1543.50
ഇരിട്ടി	16.6	532.70
ആലക്കോട് ഡിപ്പോ	174.1	5586.85
ചെറുപുഴ ഡിപ്പോ	14.9	478.15
	304.3	9764.95

ഡിപ്പോയിൽ നിന്ന് ഗോഡൗണിലേക്ക് മാറ്റുമ്പോഴുള്ള കുറവിനുള്ള കാരണം കണ്ടെത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്. പഴയങ്ങാടി ഡിവിഷനിൽ നിന്ന് സ്റ്റോക്കിൽ കുറഞ്ഞ 9764.95 രൂപ പിഴപ്പലിശയോടുകൂടി ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

9. പഴയങ്ങാടി ട്രേയിഡിംഗ് ഡിവിഷനിലെ ഡിപ്പോകളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ താഴെ കാണുന്ന വിധം സ്റ്റോക്കിൽ കുറവ് കണ്ടെത്തിയിരിക്കുന്നു.

	തൂക്കം RSSIV(kg)	*തൂക്കം LOT(kg)*	*വില രൂപ*	
ചെറുപുഴ ഡിപ്പോ	2 kg		64.20	
ശ്രീകണാപുരം ഡിപ്പോ	258.100		8282.40	
ചെമ്പേരി ഗോഡൗൺ	240.700	29.300	7724.10-	(RSS IV)
	500.800	29.300	864.35-	(LOT)
			16935.05	

LIBRARY ARCHIVES Kerala Legislative Assembly

പഴയങ്ങാടി ട്രേയിഡിംഗ് ഡിവിഷനിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തിയ 16935.05 രൂപയുടെ സ്റ്റോക്കിൽ കുറവ് ബന്ധപ്പെട്ടവരിൽ നിന്ന് പിഴപ്പ ലിശയോടുകൂടി ഈടാക്കേണ്ടതാണ്.

10. കോട്ടയം ട്രേയിഡിംഗ് ഡിവിഷനിലെ താഴെകാണുന്ന ഡിപ്പോകളിൽ സ്റ്റോക്കിൽ കുറവ് കണ്ടെത്തിയിരിക്കുന്നു.

ഡിപ്പോവിന്റെ പേര്	*വില*	*കുറവ്*	*ആകെ വില*
പുളിക്കൽ കവല ഡിപ്പോ	31.60	58.50	1848.60
പൊൻകുന്നം ഡിപ്പോ	31.60	.80	25.28
നീലൂർ ഡിപ്പോ	31.60	183.40	5795.44
കൂട്ടിക്കൽ ഡിപ്പോ	31.60	42.90	1355.64
കറുകച്ചാൽ ഡിപ്പോ	31.60	3.30	104.28
എരുമേലി ഡിപ്പോ	31.60	38.10	1203.96
വാകത്താനം ഡിപ്പോ	31.60	9.60	303.36
പെരുനാട് ഗോഡൗൺ	31.25	441.90	13809.39
ആയൂർ ഗോഡൗൺ	29.72	213.60	6348.19
ആകെ		992.10	30794.14

ആകെ 30794 രൂപ 14 പൈസ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ന്യൂനത 8,9,10 എന്നീ ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ആകെ മൊത്തം 57494.14 രൂപ സ്റ്റോക്കിൽ കുറവ് കണ്ടെത്തിയിട്ടുണ്ട്. മുൻകാലങ്ങളിലേതടക്കം മൊത്തം 94253 രൂപ 44 പൈസ ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. സംഘത്തിന്റെ കീഴിലുള്ള 36-ഓളം ഏജൻസി ഡിപ്പോകളിലുള്ള ക്ലോസിംങ് സ്റ്റോക്ക് സംഘത്തിന്റെ പർച്ചേസിനത്തിൽ വന്നിട്ടില്ല. കാരണം ഫൈനൽ സെറ്റിൽമെൻറ് ബിൽ പ്രകാരമാണ് റബ്ബർ ഗോഡൗണിലേക്ക് വരുന്നത്. അപ്പോൾ മാത്രമാണ് ആയത് പർച്ചേയ്സ് ഹെഡിൽ വരുന്നുള്ളൂ. ബന്ധപ്പെട്ട സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ 31-3-ന് എടുക്കുന്ന ക്ലോസിംങ് സ്റ്റോക്ക് ഇങ്ങനെ കാലഹരണപ്പെട്ടിരിക്കുകയാണ്. ആയതിനാൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻമാർ ടി സ്റ്റോക്ക് വെരിഫൈ ചെയ്യേണ്ടതില്ല എന്ന് അറിയിക്കുകയാണ്. ക്ലോസിംങ് സ്റ്റോക്ക് വെരിഫൈ ചെയ്യുമ്പോൾ അനുബന്ധമായി എഴുതിയിട്ടുള്ള പർച്ചേസ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിക്കേണ്ടതായുണ്ട്. വെറുതെ ഓഡിറ്റ് പൂർത്തീകരിക്കുന്നതിന് കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

ഈ പ്രവർത്തികൊണ്ട് വന്നുചേർന്നിട്ടുണ്ട്. കൂടാതെ വടക്കാഞ്ചേരി ഗാംകോസ്, പഴയന്നൂർ ബ്ലോക്ക് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവിടങ്ങളിലെ ക്ലോസിംഗ് സ്റ്റോക്ക് 31-3-നു ശേഷം വന്നുചേരുകയും ചെയ്തിട്ടില്ല. ഏജൻസികളിൽ സംഘ ത്തിന് നടപടികൾ സ്വീകരിക്കാനും കഴിയുന്നതല്ല. ആയതിനാൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻമാർ ഏജൻസി ഡിപ്പോകളിൽ നടത്തുന്ന സ്റ്റോക്കെടുപ്പ് നിരുത്തിവക്കേണ്ടതാണ്.

12. സംഘത്തിലെ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും കേരള സർവ്വീസ് റൂൾ പ്രകാരമുള്ള യാത്രാബത്തയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ സംഘത്തിൽ ഈ നിരക്കിനേക്കാളും വളരെ ഉയർന്ന നിരക്കിലുള്ള യാത്രാബത്തയാണ് അനുവദിച്ചുവരുന്നതായി കാണുന്നത്. ഇത് അടിയന്തിരമായിട്ടും അവസാനിപ്പിക്കേണ്ടതും കേരളാ സർവ്വീസ് റൂൾ പ്രകാരമുള്ള യാത്രാബത്ത അനുവദിക്കേണ്ടതുമാണ്.

13. സംഘത്തിൽ ജീവനക്കാരുടെ സർവ്വീസ് രജിസ്റ്ററുകൾ ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ 3 വർഷം പൂർത്തീകരിക്കാത്ത ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടം 84 A പ്രകാരം ഹാഫ്പേ ലീവ് കമ്മ്യൂട്ട് ചെയ്ത് ലീവെടുക്കാൻ അവകാശമില്ല. എന്നാൽ ഇത്തരത്തിൽ പല ജീവനക്കാർക്കും ലീവ് അനുവദിച്ച തായും കാണുന്നു. ജീവനക്കാർക്ക് സർവ്വീസിൽ ചേർന്ന് 1 വർഷം പൂർത്തീകരിച്ചാൽ 22 ദിവസത്തിന് ഒന്നുവീതം മൊത്തം 17 സറണ്ടർ ലീവ് മാത്രമേ അനുവദനീയമാകുന്നുള്ളൂ. അതിനുശേഷം വരുന്ന വർഷങ്ങളിൽ 11-ന് ഒന്ന് എന്ന് നിരക്കിൽ വാങ്ങാവുന്നതാണ്. കൊയിർ മാട്രസ്സ് ഫാക്ടറിയിലെ ജീവനക്കാരനായ ശ്രീ. ജഗദീഷ് കുമാറിന് ഒന്നാം വർഷം 1/11 വച്ച് സറണ്ടർ ലീവ് അനുവദിച്ചതായും കാണുന്നു. കൂടാതെ ഒരു വർഷം പൂർത്തീകരിക്കുന്ന മുറയ്ക്കുമാത്രമേ 20 ദിവ സത്തെ ഹാഫ്പേ ലീവിന് അർഹതയുള്ളൂ. യാതൊരുവിധ ലീവും ഹാഫ്പേ കണക്കാക്കുമ്പോൾ കുറക്കേണ്ടതില്ല. സറണ്ടർ ലീവ് കണക്കാക്കുമ്പോൾ മാത്രമേ കാഷ്വൽ ലീവ് ഒഴികെയുള്ള ലീവുകൾ കണക്കിലെടുക്കേണ്ടതുള്ളൂ. ജീവനക്കാരുടെ സർവ്വീസ് രജിസ്റ്ററുകൾ ശരിയായ വിധം എഴുതി ബന്ധപ്പെട്ട മേലധികാരികൾ ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.

14. മേൽ സംഘത്തിന്റെ കറണ്ട് അക്കൗണ്ടിലും, സേവിംഗ്സ് അക്കൗണ്ടിലും മൈനസ് ബാലൻസ് എഴുതിച്ചേർത്തിരിക്കുന്നു. ഈ രീതി ശരിയല്ല. മൈനസ് ബാലൻസ് എന്നാൽ ഓവർഡ്രാഫ്റ്റ് ആണ്. പാസ്സ് ബുക്കിലുള്ള ബാലൻസ് തുക നോക്കാതെ ചെക്ക് ഇഷ്യൂ ചെയ്യുന്നതുമൂലമാണ് ഇങ്ങനെ വന്നുചേരുന്നത്. കൂടാതെ ബാങ്കിൽ ക്രഡിറ്റ് ചെയ്യാൻ കൊടുക്കുന്ന ചെക്ക് അതത് സമയം തന്നെ ബാങ്ക് അക്കൗണ്ടിൽ ചിലവായും കാണിക്കുന്നു. ബാങ്ക് അക്കൗണ്ടിൽ പ്രസന്റ് ചെയ്യുന്ന ചെക്കുകൾ, ബാങ്കിൽ വരവ് വച്ചാൽ മാത്രമേ സംഘത്തിന്റെ ചെലവ് എഴുതാൻ പാടുള്ളൂ. ആയതിനാൽ സംഘത്തിൽ തുടർന്ന് വരുന്ന ഈ അക്കൗണ്ടിംഗ് സിസ്റ്റം മാറ്റേണ്ടതും ശരിയായ രീതിയിൽ അക്കൗണ്ടുകൾ എഴുതേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

PART- B

1. സംഘം ജീവനക്കാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ്, റിസർവ്വ് ഫണ്ട് എന്നിവ ജില്ലാ സഹകരണ ബാങ്കിൽ സ്ഥിരം നിക്ഷേപത്തിൽ നിക്ഷേപിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ ദൈനംദിന ഇടപാടുകളിൽ ടി തുക വിനിയോഗിക്കാൻ പാടുള്ള തല്ല.

2. വിദ്യാഭ്യാസഫണ്ടിൽ നീക്കിയിരിക്കുന്ന 23350 രൂപ 10 പൈസ സംസ്ഥാന സഹകരണ യൂണിയനിൽ ഒടുക്കേണ്ടതാണ്.

3. സംഘത്തിന്റെ ഹെഡ് ഓഫീസിലെ ചിലവ് മുഴുവൻ വിവിധ ബ്രാഞ്ചുകളിലേക്ക് വീതിച്ചതായി കാണുന്നു. സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രൈവറ്റ് സ്ഥാപനങ്ങൾക്ക് മാത്രം നിശ്ചിത റേഷ്യോവിൽ വീതിച്ചാൽ മതിയാകുന്നതാണ്. ഓരോ ഫാക്ടറിയുടേയും പ്രത്യേകം പ്രത്യേകം ബാലൻസ് ഷീറ്റ് തയ്യാറാക്കുമ്പോൾ മാത്രമേ അത് ഉപകരിക്കുന്നുള്ളൂ. സംഘം ഹെഡ് ഓഫീസിന്റെ ചിലവ് മൊത്തം ബ്രാഞ്ചുകൾക്കും ബാധകമാകുന്നതാണ്.

4. മേൽസംഘത്തിൽ കൺസോളിഡേറ്റഡ് വരവ് ചിലവ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഓഡിറ്റ് പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നു. ഓരോ ബ്രാഞ്ചിന്റെയും ഓരോ മാസത്തെയും വരവ് ചെലവ് സ്റ്റേറ്റ്മെന്റ് സംഘം ഹെഡ് ഓഫീസിൽ നിന്ന് ക്രോഡീകരിച്ച് എഴുതേണ്ടതാണ്. മാസാമാസം ടി രജിസ്റ്റർ എഴുതിയില്ലെങ്കിൽ കണക്കുകൾ 31-3-ന് കൃത്യമായി എഴുതിത്തയ്യാറാക്കാൻ കഴിയുന്നതല്ല. ആയതിനാൽ ഓരോ മാസത്തെയും ക്രോഡീകരിച്ച വരവു ചിലവുകണക്ക് എഴുതി സൂക്ഷിക്കാൻ ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഡേബുക്ക് യഥാസമയം പ്രിന്റ് എടുത്ത് ബന്ധപ്പെട്ട മേലധികാരികൾ ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്. ഡേബുക്കിനോട് അനുബന്ധിച്ച് വരുന്ന ജനറൽ ലഡ്ജർ വരവ് ചിലവ് രജിസ്റ്റർ എന്നിവ പ്രിന്റ് എടുത്ത് തയ്യാറാക്കി ബൈന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്. അല്ലാത്തപക്ഷം മുൻകാലത്തെ ഏതെങ്കിലും കാര്യം പരിശോധിക്കേണ്ടതായി വന്നാൽ ഓഡിറ്റർ പരിശോധിച്ച ബന്ധപ്പെട്ട ഫയൽ കണ്ടെന്നും വരില്ല. ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്.

5. സംഘത്തിന്റെ വീതിക്കാൻ ബാക്കിയുള്ള ലാഭം 373601/51 രൂപ ബൈലാ പ്രകാരം വിഭജിച്ച് വീതിക്കേണ്ടതാണ്.

6. സംഘം സഹകരണ സർക്കിൾ യൂണിയനിൽ അഫിലിയേഷൻ പുതുക്കിയിട്ടില്ല. അഫിലിയേഷൻ ഫീ അടച്ച് അഫിലിയേഷൻ പുതുക്കേണ്ടതാണ്.

7. ട്രേയിഡിംഗ് ഡിവിഷനിലെ കൊമേഴ്സ്യൽ അസിസ്റ്റന്റുമാരുടെ കൺവേയൻസ് അലവൻസ്, ടി. എ. എന്നിവ ബന്ധപ്പെട്ട കൊമേഴ്സ്യൽ ഓഫീസർമാർ പാസ്സാക്കിയിട്ടില്ല. ഈ ടി. എ. ബില്ലുകളും, കൺവേയൻസ് അലവൻസ് ബില്ലുകളും ബന്ധപ്പെട്ട കൊമേഴ്സ്യൽ ഓഫീസർമാർ അംഗീകരിച്ചു പാസ്സാക്കിയതിനുശേഷം മാത്രമേ തുക എഴുതിയെടുക്കാൻ പാടുള്ളൂ.

8. കോയിർ മാട്രസ്സ് ഫാക്ടറിയിലെ ടയോട്ട കാളിസ് ജീപ്പിന്റെ ലോഗ് ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല. വാഹനം പോയ സ്ഥലം, ദൂരം, പോകേണ്ടുന്ന ആവശ്യം എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട മേലധികാരികൾ ഒപ്പിട്ടു സൂക്ഷിക്കേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly